(ബി) നടപടികൾ കൈക്കൊള്ളാറുണ്ട്.

(സി) കണ്ടെത്തിയിട്ടുണ്ട്.

(ഡി) 10,560 രൂപ.

(ഇ) 30.4.1997 ലെ എൻ.എഫ് 6498/പി.റ്റി.1/97 കത്തുപ്രകാരം പണാപഹരണം, പഞ്ചായത്ത് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(എഫ്) വിവരം ശേഖരിച്ചു വരുന്നു.

32 (1481) "നൈലാസ് ബൗട്ടിക്"

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിന് സമീപം പ്രവർത്തിച്ചു വരുന്ന 'നൈലാസ് ബൗട്ടിക്' എന്ന സ്ഥാപനം എന്നാണ് കെ. എഫ്.സി. ഏറ്റെടുത്തത്;

(ബി) സ്ഥാപന ഉടമയുടെ പരാതിയിന്മേൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം തയ്യാറാക്കിയ റിപ്പോർട്ടിലെ 5,9,11,12 ഖണ്ഡികകളിൽ ഉദ്യോഗസ്ഥന്മാരുടെ വീഴ്ചകൾ ചൂണ്ടിക്കാട്ടി അവർക്ക് എതിരെ നടപടി സ്വീകരിക്കുവാൻ ശുപാർശ ചെയ്തിരുന്നുവോ;

(സി) എങ്കിൽ അവർക്കെതിരെ എന്തു നടപടി സ്വീകരിച്ചു;

(ഡി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കുമോ;

(ഇ) 11.7.98 ൽ സ്ഥാപനം ഏറ്റെടുത്തിട്ട് അതേ ദിവസം തന്നെ വിട്ടു കൊടുക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ;

(എഫ്) ഇപ്പോൾ ഏറ്റെടുക്കുവാനിടയായ സാഹചര്യം ക്രമപ്രകാരം അല്ലെങ്കിൽ പ്രസ്തുത നടപടി പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) 8.8.1998-ൽ

(ബി) ശുപാർശ ചെയ്തിരുന്നു.

(സി)&(ഡി) ഇക്കാര്യം പരിശോധിച്ചു വരുന്നതേയുള്ളൂ.

(ഇ) 11.7.98 ൽ സ്ഥാപനം കെ.എഫ്.സി. ഏറ്റെടുത്തില്ല.

(എഫ്) സ്ഥാപനം ഇപ്പോൾ കോർപ്പറേഷൻ ഏറ്റെടുത്തിരിക്കുന്നത് ക്രമപ്രകാരമാണ്.

33 (1482) പേഴ്സണൽ സ്റ്റാഫിലുള്ളവർക്ക് ലഭിക്കുന്ന സ്പെഷ്യൽ പേ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998 നവംബർ 25-ാം തീയതിയിലെ നമ്പർ 3000/98/ ഫിൻ ഉത്തരവുപ്രകാരം ശമ്പളപരിഷ്കരണത്തിന് തൊട്ടുമുമ്പ് മുഖ്യമന്ത്രിയുടേയും പ്രതിപക്ഷനേതാവ്, ചീഫ്വിപ്പ് എന്നിവരുടേയും പേഴ്സണൽ സ്റ്റാഫിൽപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

വിവിധ തസ്തികയിലുള്ളവർക്ക് ശമ്പളത്തിനുപുറമേ എത്ര രൂപ വീതം സ്പെഷ്യൽ പേ ഇനത്തിൽ ലഭിച്ചിരുന്നു;

(ബി) പ്രസ്തുത സ്പെഷ്യൽപേയ്ക്ക് ക്ഷാമബത്ത ലഭിച്ചിരുന്നുവോ; എങ്കിൽ എത്ര ശതമാനമാണ് ഏറ്റവും ഒടുവിൽ ലഭിച്ചിരുന്നത്. ശമ്പള പരിഷ്കരണ ഉത്തരവിന്റെ ഭാഗമായി പ്രസ്തുത സ്പെഷ്യൽ പേ നിർത്തലാക്കി പകരം സ്പെഷ്യൽ അലവൻസ് അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പേഴ്സണൽ സ്റ്റാഫിലെ വിവിധ തസ്തികകളിലുള്ളവർക്ക് അനുവദിച്ച സ്പെഷ്യൽ അലവൻസിന്റെ നിരക്ക് എത്രയാണ്?

(ഡി) പ്രസ്തുത തുക നേരത്തേ നൽകിയിരുന്ന സ്പെഷ്യൽ പേയെക്കാളും കൂടുതലാണോ; ഈ തുകയ്ക്ക് ക്ഷാമബത്ത കണക്കാക്കുമോ;

(ഇ) ഇല്ലെങ്കിൽ സ്പെഷ്യൽ പേ നിർത്തലാക്കി പകരം സ്പെഷ്യൽ അലവൻസ് അനുവദിച്ചതുമൂലം പേഴ്സണൽ സ്റ്റാഫിൽ വിവിധ തസ്തികയിലുള്ളവർക്ക് ഈ ഇനത്തിൽ തുക കുറയും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ എത്ര വീതം തുകയാണ് കുറയുന്നതെന്ന് വ്യക്തമാക്കുമോ;

(ജി) പുതിയ ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം വകുപ്പ് സെക്രട്ടറിമാരുടെ സി.എ. മാർക്ക് ലഭിക്കുന്ന സ്പെഷ്യൽ അലവൻസിനേക്കാൾ കുറഞ്ഞ തുകയാണ് മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറി ഉൾപ്പെടെ ഉള്ളവർക്ക് ലഭിക്കുന്നത് എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ പ്രത്യക്ഷമായും ഇതൊരു അനോമലി ആണെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ഐ) മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പേഴ്സണൽ സ്റ്റാഫിൽപ്പെട്ടവരുടെ സ്പെഷ്യൽ പേ സംബന്ധിച്ച കാര്യങ്ങൾ അടിയന്തിരമായി പരിശോധിച്ച് കാലാനുസൃതമായ വർദ്ധനവോടെ പരിഷ്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രൈവറ്റ് സെക്രട്ടറി/ അഡീഷണൽ
പ്രൈവറ്റ് സെക്രട്ടറി/സ്പെഷ്യൽ പ്രൈവറ്റ്
സെക്രട്ടറി/അസിസ്റ്റന്റ്/പ്രൈവറ്റ് സെക്രട്ടറി- 255 രൂപ
പേഴ്സണൽ അസിസ്റ്റന്റ്/
അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റ്/
സ്പെഷ്യൽ പേഴ്സണൽ അസിസ്റ്റന്റ്/
സെക്ഷൻ ഓഫീസർ - 180 രൂപ
ക്ളാർക്ക്/അസിസ്റ്റന്റ്/
സി.എ/ടൈപ്പിസ്റ്റ്/ - 145 രൂപ
ഷോഫർ - 160 രൂപ
ഹെഡ് പ്യൂൺ/ ഡഫേദാർ
പ്യൂൺ/
കണ്ടിൻജന്റ് ജീവനക്കാർ -75 രൂപ

145/2010.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്ഷാമബത്ത ലഭിച്ചിരുന്നു. ഏറ്റവും ഒടുവിൽ 189% ക്ഷാമബത്ത ലഭിച്ചിരുന്നു.

അനുവദിച്ചിട്ടുണ്ട്.

ഉണ്ട്.

(സി) പ്രൈവറ്റ് സെക്രട്ടറി/
അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി/
സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി/ - 255 രൂപ
അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി/
പേഴ്സണൽ അസിസ്റ്റന്റ്/
അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റ്/
സ്പെഷ്യൽ പേഴ്സണൽ അസിസ്റ്റന്റ്/
സെക്ഷൻ ഓഫീസർ - 180 രൂപ
ക്ളാർക്ക്/ അസിസ്റ്റന്റ്/
സി.എ./ടൈപ്പിസ്റ്റ് - 145 രൂപ
ഷോഫർ - 160 രൂപ
ഹെഡ് പ്യൂൺ/
സഫേദാർ - 80 രൂപ
പ്യൂൺ/കണ്ടിജന്റ്
ജീവനക്കാർ - 75 രൂപ

(ഡി) ഈ തുക നേരത്തെ നൽകിയിരുന്ന സ്പെഷ്യൽ പേയ്ക്ക് തുല്യമാണ്. ഈ തുകയ്ക്ക് ക്ഷാമബത്ത കണക്കാക്കുകയില്ല.

(ഇ) ഉണ്ട്

(എഫ്) 189% ക്ഷാമബത്തയ്ക്ക് തുല്യമായ തുക ഓരോ വിഭാഗത്തിലുംപെട്ടവർക്ക് കുറയുന്നതാണ്.

(ജി) ഉണ്ട്.

(എച്ച്) ഇക്കാര്യം പരിഗണനയിലാണ്.

34 (1483) കെ.എസ്.എഫ്.ഇ. യിലെ ചിട്ടി സംബന്ധിച്ച വ്യവസ്ഥകൾ

ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ ചിട്ടിയിൽ ചേരുന്ന വിദേശമലയാളികൾക്ക് ചിട്ടിയുടെ നറുക്കുവീണാൽ തുക അനുവദിക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ;

(ബി) നറുക്കുവീഴുന്ന കേസുകളിൽ നാട്ടിലുള്ള അവകാശികൾക്ക് വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly